പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

17.06.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം: * 175

## സ്ത്രീകളുടെ സുരക്ഷയ്ക്ക് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീമതി. കെ. എസ്. സലീഖ<br>" കെ. കെ. ലതിക<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ത്രീകളുടെ സുരക്ഷാകാര്യത്തിൽ പുതുതായി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;<br><br>(ബി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും സ്ത്രീകൾക്കെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളും വിശദമാക്കുമോ ; | (എ) & (ബി) സ്ത്രീകളുടെ സുരക്ഷാ കാര്യത്തിൽ സാധ്യമായ എല്ലാ നിയമനടപടികളും പോലീസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി സംശയകരമായ സ്ഥലങ്ങളിലും, സ്ത്രീകളും കുട്ടികളും സാധാരണയായി സഞ്ചരിക്കാറുള്ള സ്ഥലങ്ങളിലും, മറ്റ് പൊതുസ്ഥലങ്ങളിലും പോലീസ് പട്രോളിംഗും, വനിതാ പോലീസിന്റെ സാന്നിധ്യവും ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ, Anti Human Trafficking Unit (AHTU) കളുടെയും, ലോക്കൽ പോലീസിന്റെയും, ജനമൈത്രി സംവിധാനത്തിന്റെയും സഹകരണത്തോടെ നിരന്തര റെയ്ഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കൂടാതെ, റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ കുറ്റകൃത്യങ്ങളിലും പോലീസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്റ്റിലെ വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

....2

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക ചൂഷണം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ അതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാന സർക്കാർ "**നിർഭയ**" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. Rape, Murder, Kidnapping, Molestation, Eve-teasing, Cruelty by Husband and Relatives, Dowry Death എന്നിവയാണ് സ്ത്രീകൾക്കെതിരെയുണ്ടാകുന്ന പ്രധാന അതിക്രമങ്ങൾ.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടായ അതിക്രമങ്ങളെ തുടർന്ന് ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദമാക്കുമോ ?

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## ATTROCITIES AGAINST WOMEN CASES - 18 MAY 2011 TO 18 MAY 2013

| RAPE | MOLESTATION | EVE-TEASING | 498 (A) IPC | 304 (B) IPC | KIDNAPPING | OTHERS | TOTAL |
|---|---|---|---|---|---|---|---|
| 2211 | 7952 | 1025 | 10441 | 53 | 427 | 4728 | 26837 |

## ATTROCITIES AGAINST CHILDREN CASES - 18 MAY 2011 TO 18 MAY 2013

| RAPE | KIDNAPPING & ABDUCTION | FOETICIDE | ABETMENT OF SUISIDE | EXPOSURE AND ABANDONMENT | PROCURATION OF MINOR GIRLS | MURDER | OTHER CRIME AGAINST CHILDREN | TOTAL |
|---|---|---|---|---|---|---|---|---|
| 946 | 315 | 1 | 8 | 7 | 16 | 74 | 1761 | 3128 |

സെക്ഷൻ ഓഫീസർ